# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2252    08.05.2017 -ൽ മറുപടിക്ക്

## കൊല്ലം -മുച്ചുകുന്ന് റെയിൽവേ മേൽപാലം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന അനുയോജ്യമായ പദ്ധതിയാണ് കൊല്ലം-മുച്ചുകുന്ന് റെയിൽവേ മേൽപാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊല്ലം-മുച്ചുകുന്ന് റെയിൽവേ മേൽപാലം നിർമ്മിക്കുന്നത് സംബന്ധിച്ച് നിയമസഭ സാമാജികൻ സമർപ്പിച്ച നിവേദനത്തിൽ സ്വീകരി ച്ചിട്ടുള്ള നടപടി വിശദമാക്കാമോ ; | (ബി) & (സി) കൊല്ലം (എൽ.സി.നം. 204)- മുച്ചുകുന്ന് (എൽ.സി.നം.205) എന്നീ റെയിൽവേ ഗേറ്റുകളിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപ്പാക്കൽ ഏജൻസിയായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ 31.01.2017 തീയതിയിലെ സ.ഉ (സാധാ) നം.118/2017/ പൊ.മ.വ പ്രകാരം നിയമിച്ചിട്ടുണ്ട്. |
| (സി) | വളരെ അടിയന്തരമായി പരിഗണിക്കേണ്ട ഈ ആവശ്യം സംബന്ധിച്ച് അനുകൂലമായ നടപടി സ്വീകരിക്കുമോ? പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | |
| (ഡി) | ഇ 936647/16 എം (പി.ഡബ്ല്യൂഡി ആൻഡ് ആർ) പ്രകാരം പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്ന് എൻ.എച്ച്.എ.ഐ റീജ്യണൽ ഓഫീസിലേയ്ക്ക് അയച്ച കറിപ്പിൻമേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ? | (ഡി) പ്രസ്തുത സ്ഥലത്ത് ബൈപ്പാസ് നിർമ്മിക്കാനാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ളത്. നന്തി ചെങ്കോട്ടുകാവ് ബൈപ്പാസ്, നിലവിലെ എൻ.എച്ച് 17 ന്റെ ഇടതുവശത്തു നിന്ന് (കി.മീ 214) മൂടാടി വില്ലേജിലെ നന്തി എന്ന സ്ഥലത്ത് നിന്ന് തുടങ്ങുകയും കി.മീ 225 ൽ ചെങ്കോട്ടുകാവ് എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്നു. ഈ ബൈപ്പാസ് കൊയിലാണ്ടി ബൈപ്പാസ് എന്നും അറിയപ്പെടുന്നു. പ്രസ്തുത പ്രവൃത്തി കണ്ണൂർ വെങ്ങളം ( 148/000 മുതൽ 230/000 വരെ) എന്ന പ്രോജക്റ്റ് പാക്കേജിലാണ്. പ്രസ്തുത ഹൈവേയുടെ നീളം 11 കി.മീയും അതിൽ ഏകദേശം 9 കി.മീ നീളത്തിൽ സർവ്വേ കഴിഞ്ഞിട്ടുള്ളതുമാണ്. |

S. Bindu

**സെക്ഷൻ ഓഫീസർ**